**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 312** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സർക്കാരിന്റെ മദ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ മദ്യനയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ 2023-24 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുശേഷം മദ്യനയം പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | മുൻ യു.ഡി.എഫ് സർക്കാർ രൂപീകരിച്ച മദ്യനയത്തിൽ നിന്നും എന്തെല്ലാം കാതലായ മാറ്റങ്ങളാണ് പുതിയ മദ്യനയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ അവസാനത്തെ മദ്യനയം 2014-15 സാമ്പത്തിക വർഷത്തിലാണ് പ്രഖ്യാപിച്ചത്. 2014-2015 ന് ശേഷമുള്ള മദ്യനയത്തിലെ കാതലായ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2017-18 ലെ മദ്യനയത്തിൽ കേരള സമൂഹത്തിൽ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി രൂപീകരിച്ച ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുകയും ചെയ്തു. കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിലനിന്നിരുന്ന 712 ബാറുകൾ, 78 എഫ്.എൽ.1 ഔട്ട് ലെറ്റുകൾ എന്നിവ അടച്ചുപൂട്ടിയിരുന്നു. എന്നാൽ മദ്യ ഉപഭോഗത്തിൽ കുറവ് വരുത്തുന്നതിന് ഈ നയം സഹായകരമായിരുന്നില്ല. ബിയറിന്റെയും വിദേശമദ്യത്തിന്റെയും ആകെ വില്പന പരിഗണിച്ചാൽ ഈ കാലയളവിൽ വർദ്ധനവ് മാത്രമാണുണ്ടായത്. കൂടാതെ എക്സൈസ് വകുപ്പ് കണ്ടെത്തുന്ന കേസുകളിലും വർദ്ധനവുണ്ടായി. അത് കാണിക്കുന്നത് സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്നതാണ്. അതിനാൽ മദ്യവർജ്ജനത്തിലൂടെ ജനങ്ങളെ മദ്യാസക്തിയിൽ നിന്നും മുക്തരാക്കുക എന്ന ലക്ഷ്യത്തോടെ കർശനമായ നിയന്ത്രണങ്ങളോടെ മദ്യം ലഭ്യമാക്കുകയെന്ന നയമാണ് സർക്കാർ ലക്ഷ്യം |

വച്ചത്. അതിനായി ബാറുകളുടെ പ്രവർത്തന സമയം ദിവസം 12.30 മണിക്കൂറിൽ നിന്നും 12.00 മണിക്കൂറായി (രാവിലെ 11 മണി മുതൽ രാത്രി 11 മണി വരെ) നിജപ്പെടുത്തി. മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 23 വയസ്സായി ഉയർത്തി.

2018-19–ലെ മദ്യനയത്തിൽ വിനോദ സഞ്ചാര മേഖലയിൽ ബാറുകളുടെ പ്രവർത്തന സമയം രാവിലെ 10 മണിമുതൽ രാത്രി 12 മണിവരെയായി നിജപ്പെടുത്തി. 2021-22–ലെ മദ്യനയത്തിൽ എക്സൈസ് വകുപ്പ് നൽകുന്ന സേവനങ്ങൾ 2022 ഏപ്രിൽ 1 മുതൽ ഓൺലൈൻ വഴി ലഭ്യമാക്കുവാനും, പൊതുജനങ്ങൾക്ക് അനധികൃത ലഹരി വസ്തുക്കളുടെ വിപണനം/സംഭരണം/ ഉപയോഗം എന്നിവ സംബന്ധിച്ച് ഓൺലൈൻ ആയി പരാതി സമർപ്പിക്കുന്നതിന് 'People's eye' എന്ന പേരിൽ ഒരു വെബ്ബ് അധിഷ്ഠിത മൊബൈൽ ആപ്പ് വികസിപ്പിക്കുവാനും തീരുമാനമെടുത്തു. കള്ളിന്റെ ഉത്പാദനം, അന്തർജില്ല/അന്തർ റെയിഞ്ച് നീക്കം എന്നിവ നിരീക്ഷിക്കുന്നതിന് Track and Trace സംവിധാനം ഏർപ്പെടുത്തുവാനും, സംസ്ഥാനത്തെ ഐ.ടി പാർക്കുകളിൽ പ്രത്യേകം മാറ്റി വയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിനും കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി ധാന്യങ്ങൾ ഒഴികെയുള്ള കാർഷികോൽപ്പന്നങ്ങളിൽ നിന്ന് വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിനും അനുമതി നൽകാൻ തീരുമാനം എടുത്തു.

2023-24 ലെ മദ്യനയത്തിൽ കള്ള് ഷാപ്പുകളുടെ വിൽപ്പന പൂർണ്ണമായും ഓൺലൈൻ വഴി ആക്കുവാനും, കള്ള്ഷാപ്പുകൾ വൃത്തിയുള്ള അന്തരീക്ഷത്തിലും കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നുവെന്നും, കള്ള്ഷാപ്പുകൾക്ക് മിനിമം നിലവാരം ഉറപ്പുവരത്തക്കവിധത്തിൽ പ്രൊഫഷണൽ സഹായത്തോടെ പൊതുവായ ഡിസൈൻ കൊണ്ടുവരുമെന്നും തെങ്ങിൽ നിന്നും ദിനം പ്രതി ലഭിക്കുന്ന കള്ളിന്റെ അളവ് ശാസ്ത്രീയമായി പുനർ നിർണ്ണയിക്കുമെന്നും മൂന്ന് സ്റ്റാർ ക്ലാസിഫിക്കേഷനോ അതിന് മുകളിലോ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കും വിനോദസഞ്ചാര മേഖലകളിൽ പ്രവർത്തിക്കുന്ന റിസ്സോർട്ടുകൾക്കും അതാത് സ്ഥാപനങ്ങൾക്കുള്ളിലുള്ള വൃക്ഷം ചെത്തി കള്ള് ഉത്പാദിപ്പിച്ച് അവരുടെ അതിഥികൾക്ക് നൽകുന്നതിന് അനുവാദം നൽകുമെന്നും 'കേരളാ ടോഡി' എന്ന പേരിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കള്ള് ബ്രാൻഡ് ചെയ്യുമെന്നും വിദേശ വിനോദ സഞ്ചാരികൾ ധാരാളമായി എത്തുന്ന വിനോദ

| | | | |
|---|---|---|---|
| | | | സഞ്ചാര മേഖലകളിലെ റസ്റ്റോറന്റുകൾക്ക് ഒരു പ്രത്യേക കാലയളവിൽ ബിയർ, വൈൻ തുടങ്ങിയ മദ്യങ്ങൾ വിൽപ്പന നടത്തുവാൻ പ്രത്യേക ലൈസൻസ് അനുവദിക്കുമെന്നും സംസ്ഥാനത്തെ വ്യവസായ പാർക്കുകളിൽ നിശ്ചിത യോഗ്യതയുള്ള സ്ഥലങ്ങളിൽ ഐ.റ്റി. പാർക്കുകളിൽ അനുവദിയ്ക്കുന്നതിന് സമാനമായ പ്രത്യേക ലൈസൻസ് അനുവദിക്കുമെന്നും തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | പുതിയ മദ്യനയം സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കാൻ കാരണമാകുന്ന തരത്തിലുള്ളതാണെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | മദ്യനയങ്ങളിലൂടെ ബാറുകളുടെയും ബിവറേജസ് ഔട്ട് ലെറ്റുകളുടെയും എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ഇത് മദ്യവില്പനയിൽ കാര്യമായി പ്രതിഫലിച്ചിട്ടില്ല. ഇത് സൂചിപ്പിക്കുന്നത് മദ്യവില്പന ഷോപ്പുകൾ നിർത്തലാക്കുന്നതിലൂടെ മദ്യ ഉപയോഗം കുറയ്ക്കുവാനോ കൂടുതൽ ലൈസൻസുകൾ അനുവദിക്കുന്നതിലൂടെ മദ്യ ഉപയോഗം വർദ്ധിക്കുവാനോ സാധ്യതയില്ല എന്നതാണ്. മറിച്ച് മദ്യവില്പന ശാലകൾ കുറയ്ക്കുന്നതിലൂടെ അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ തിരക്ക് വർദ്ധിക്കും എന്നതാണ് മുൻകാല അനുഭവം. |

സെക്ഷൻ ഓഫീസർ